**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3518** **27-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക പ്രശ്നങ്ങൾ മനസിലാക്കി സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉന്നമനത്തിനും അതിനോടൊപ്പം കർഷകരുടെ വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും കൃഷി വകുപ്പ് മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്ത് കാർഷിക വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കാർഷിക വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നെൽകൃഷി , പച്ചക്കറി കൃഷി , പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ, നാളികേര കൃഷി എന്നിവയുടെ വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനും വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് കാർഷിക വരുമാനം വർധിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം മുതൽ കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപന പദ്ധതികൾ നടപ്പാക്കി വരുന്നു. കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും നടപ്പാക്കി വരുന്നു. ഉത്പാദന വർധനവ് ലക്ഷ്യമിട്ട് കർഷകർക്ക് അത്യുല്പാദന ശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ ലഭ്യമാക്കുന്നു. വളങ്ങൾ/ ജൈവ വളങ്ങൾ/സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി പ്രത്യേകം സജ്ജീകരിച്ച ലാബുകളും, മണ്ണ് പരിശോധനയ്ക്കായി പ്രത്യേകം ലാബുകളും പ്രവർത്തിച്ചുവരുന്നു. |

സംസ്ഥാനത്ത് ഗുണമേന്മയുള്ള നെല്ല് വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനായി നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 'രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം' നടപ്പിലാക്കിവരുന്നു. പച്ചക്കറി കൃഷിയിൽ മികച്ച ഉത്പാദനക്ഷമത കൈവരിക്കുവാൻ കേരള കാർഷിക സർവകലാശാലയും കൃഷി വകുപ്പും സഹകരിച്ച് സങ്കരയിനം പച്ചക്കറി വിത്ത് ഉത്പാദനം ലക്ഷ്യമിടുന്നു. നല്ല ഇനം പഴവർഗ്ഗ തൈകളുടെ ഉത്പാദനത്തിനായി കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ മാതൃ വൃക്ഷങ്ങളുടെ 'പ്രോജനി ഓർച്ചാർഡുകൾ' വെച്ചുപിടിപ്പിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രവത്കരണം നടപ്പിലാക്കുന്നതിനും തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനുമായി കാർഷിക കർമ്മസേനകളും, അഗ്രോ സർവീസ് സെന്ററുകളും രൂപീകരിച്ച് കൃഷിയിടങ്ങളിൽ സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. കാർഷിക സേവനകേന്ദ്രങ്ങൾ, കാർഷിക കർമ്മസേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവയെ ശാക്തീകരിച്ച് സേവനപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൃഷിശ്രീ സെന്ററുകൾ വികസിപ്പിക്കുന്നതിലൂടെ കർഷകർക്ക് എല്ലാ സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ നൽകുന്നതിന് സാധിക്കുന്നു.

കർഷകർക്ക് സുദൃഢവും ഉയർന്നതുമായ വരുമാനം ഉറപ്പാക്കുന്നതിനു വേണ്ടി കാർഷികോത്പന്നങ്ങൾക്കായി മികച്ചതും കാര്യക്ഷമവുമായ വിപണന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി നെല്ല് സംഭരിച്ചുവരുന്നു. കൂടാതെ 'വിപണി വികസനം', 'വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണി ഇടപെടൽ', 'കേരള ഫാം ഫ്രഷ് പഴം പച്ചക്കറി ബേസ് പ്രൈസ്', 'പച്ചത്തേങ്ങ സംഭരണം', 'വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർധനവും' എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. സംസ്കരണം, മൂല്യവർധനവ്, വിപണന പിന്തുണ എന്നീ മേഖലകൾ സജീവമാക്കുന്നതിന് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ, കൃഷിക്കൂട്ടങ്ങൾ എന്നിവയിലൂടെയുള്ള ഇടപെടലുകൾ നടത്തിവരുന്നു. 'കേരളഗ്രോ' എന്ന ബ്രാൻഡ് നാമത്തിൽ കർഷകരുടെ/കർഷക കൂട്ടായ്മകളുടെയും ഉത്പന്നങ്ങൾ വിവിധ ഓൺലൈൻ വിപണികളിലൂടെ രാജ്യമൊട്ടാകെ ലഭ്യമാകത്തക്ക വിധത്തിലുള്ള സംവിധാനം രൂപീകരിച്ചിട്ടുണ്ട്. കർഷകരുടെ മതിയായ പങ്കാളിത്തം ഉറപ്പാക്കി അവരുടെ ഉത്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം

ചെയ്യുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് 2024-25 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതി (KERA). കാലാവസ്ഥാ വ്യതിയാന പഠനം, അഗ്രോ ഇക്കോളജിക്കൽ സോൺ അടിസ്ഥാനമാക്കിയുള്ള കൃഷി, FPO/സ്റ്റാർട്ടപ്പുകൾ എന്നിവയുടെ ശാക്തീകരണം, അഗ്രോപാർക്കുകൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

കർഷകരുടെ ക്ഷേമം ലക്ഷ്യമിട്ട് വിള ഇൻഷുറൻസ് പദ്ധതികൾ കർഷക സൌഹൃദവും ആകർഷകവുമാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കേരളത്തിലെ അസംഘടിത മേഖലയിലെ കർഷകരെ സംഘടിത ശക്തിയായി വളർത്തുന്നതിനും അവരുടെ ഉത്പ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും തദ്വാര കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് കർഷക ഉത്പാദക സംഘടനകൾ (FPO) രൂപീകരിച്ചിട്ടുണ്ട്.

കാർഷികോത്പന്നങ്ങളുടെ മൂല്യവർധനവിലൂടെ കർഷകരുടെ വരുമാന വർധനവ് ലക്ഷ്യമിട്ടു കൊണ്ട് Small Farmers Agribusiness Consortium (SFAC-Kerala) മുഖേന സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയും (MSME) നടപ്പാക്കിവരുന്നു.

മേൽപ്പറഞ്ഞ സംസ്ഥാന പദ്ധതികൾക്ക് പുറമേ കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH), സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM), പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY), രാഷ്ട്രീയ കൃഷി വികാസ് യോജന, സോയിൽ ഹെൽത്ത് കാർഡ് പദ്ധതി, നാളികേര വികസനത്തിനായുള്ള പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ എന്നിവയിലൂടെയും കർഷകർക്ക് സഹായങ്ങൾ നൽകിവരുന്നു.

കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ-പൊന്നാനി കോൾ പ്രദേശങ്ങളിലെയും, കൈപ്പാട്

പ്രദേശത്തെയും നെൽകൃഷി വികസനം, അട്ടപ്പാടി, അതിരപ്പള്ളി പ്രദേശങ്ങളിലെ കൃഷി വികസനം എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു.

സെക്ഷൻ ഓഫീസർ